**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2988** **12-07-2022 - ൽ മറുപടിയ്ക്ക്**

**അറബിക്കുളം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒ.വി. വിജയന്റെ സ്മാരകമായ, മലമ്പുഴ മണ്ഡലത്തിലെ തസ്രാക്കിൽ സ്ഥിതിചെയ്യുന്ന പ്രസിദ്ധമായ അറബിക്കുളം നവീകരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (എ) | ഇത് സംബന്ധമായ പ്രൊപ്പോസലൊന്നും സാംസ്കാരിക വകുപ്പിൽ ലഭിച്ചിട്ടില്ല. അറബിക്കുളം നവീകരണത്തിന്റെ പ്രാഥമിക ഘട്ടം പൂർത്തിയാക്കാൻ പാലക്കാട് ജില്ലാ പഞ്ചായത്ത് ഇരുപത് ലക്ഷം രൂപ അനുവദിച്ചിരുന്നുവെന്നും ഈ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും ഒ.വി.വിജയൻ സ്മാരക സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നവീകരണത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി ബഹു.മലമ്പുഴ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മുപ്പത് ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി സമിതി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ